LIBRARY ARCHIVES Kerala Legislative Assembly

ആമയിട തോപ്പിൽ പട്ടികവർഗ്ഗ കോളനി പുനരുദ്ധരിക്കാൻ നടപടി

221(2424) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിലെ ആമയിട തോപ്പിൽ പട്ടികവർഗ്ഗ കോളനിയിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കി കോളനിയിലേയ്ക്ക് വഴിനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ കോളനി നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ വെള്ളക്കെട്ട് പ്രശ്നം പരിഹരിച്ച് നടപ്പാത നിർമ്മിക്കുന്നതിന് 15,46,493 രൂപ (പതിനഞ്ച് ലക്ഷത്തി നാല്പത്തി ആറായിരത്തി നാനൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) 2014-15-ൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് വഴി പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഈ കോളനി നിവാസികളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് അർഹരായ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾ മുഖേന വീട്, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, നൈപുണ്യ വികസനം, ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി തുടങ്ങി അടിസ്ഥാന സൗകര്യങ്ങളും നൽകി വരുന്നു.

ഗോത്ര സാരഥി പദ്ധതി

222(2425) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്ര സാരഥി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;